പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1494 | 10-02-2020-ലെ മറുപടിയ്ക്ക്

**വന്യമൃഗശല്യം മൂലമുള്ള വിളനാശത്തിന് നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| **(എ)** | പാലക്കാട് ജില്ലയിൽ വനമേഖലയുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ വന്യമൃഗശല്യം മൂലം കാർഷിക വിളകൾ നശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | **(എ)** | പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്കിന്റെ പരിധിയിൽ വരുന്ന കുത്തനൂർ, പട്ടാമ്പി ബ്ലോക്കിലെ കൊപ്പം പഞ്ചായത്ത്, ആലത്തൂർ ബ്ലോക്കിലെ കാവശ്ശേരി പഞ്ചായത്ത്, കിഴക്കഞ്ചേരി പഞ്ചായത്ത്, കൊല്ലങ്കോട് ബ്ലോക്കിലെ കൊല്ലങ്കോട്, പുതുനഗരം പഞ്ചായത്തുകൾ, മലമ്പുഴ ബ്ലോക്കിലെ പുതുശ്ശേരി പഞ്ചായത്ത് എന്നിവിടങ്ങളിൽ ആന, മയിൽ, പന്നി തുടങ്ങിയ വന്യമൃഗങ്ങൾ കാർഷിക വിളകൾക്ക് നഷ്ടം വരുത്തുന്നുണ്ട്. |
| **(ബി)** | ആലത്തൂർ മണ്ഡലത്തിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കർഷകർക്ക് വിളനാശം സംഭവിച്ചതിനുള്ള നഷ്ടപരിഹാരം വിതരണം ചെയ്യാൻ കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | **(ബി)** | ആലത്തൂർ മണ്ഡലത്തിലെ കിഴക്കഞ്ചേരി കൃഷി ഭവൻ പരിധിയിൽ വന്യമൃഗശല്യം മൂലം നശിച്ച ഇൻഷ്വർ ചെയ്ത നെൽകൃഷിയ്ക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കിഴക്കഞ്ചേരി പഞ്ചായത്തിലെ നെൽകൃഷി ഇൻഷ്വർ ചെയ്ത ഒരു കർഷകന് വന്യമൃഗങ്ങളുടെ ആക്രമണം മൂലം നശിച്ച കൃഷിക്ക് 7000/- രൂപ അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br>പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം വന്യമൃഗങ്ങളുടെ ആക്രമണം മൂലമുണ്ടാകുന്ന വിളനാശങ്ങൾക്ക് നഷ്ടപരിഹാരം നൽകുവാൻ നിലവിലെ മാനദണ്ഡങ്ങൾ അനുവദിക്കുന്നില്ല. എന്നാൽ വനം വകുപ്പ് വന്യമൃഗശല്യം കാരണം വിള നശിച്ച കർഷകർക്ക് ആനുകൂല്യം നൽകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**